"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഹോമിയോപ്പതി വകുപ്പ് - ജീവനക്കാര്യം - ആലപ്പുഴ ജില്ലയിലെ പള്ളിപ്പുറം ഗവ.ഹോമിയോ ഡിസ്പെൻസറിയിലെ ഫാർമസിസ്റ്റ് ആയിരുന്ന (നിലവിൽ കോടംതുരുത്ത് സർക്കാർ ഹോമിയോ ഡിസ്പെൻസറി) കുമാരി ഫിസ നസ്രീൻ-ന് ബി.എച്ച്.എം.എസ്. കോഴ്സിന്റെ ഇന്റേൺഷിപ്പ് പൂർത്തിയാക്കുന്നതിനായി ശൂന്യവേതനാവധി അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആയുഷ് (സി) വകുപ്പ്**

സ.ഉ.(സാധാ) നം.677/2025/AYUSH തീയതി, തിരുവനന്തപുരം, 31-12-2025

---

പരാമർശം:- (1) സ.ഉ.(സാധാ)നം.337/2022/ആയുഷ് തീയതി 04/08/2022.

(2) 04/05/2024-ൽ കുമാരി ഫിസ നസ്രീൻ സമർപ്പിച്ച അവധി അപേക്ഷ.

(3) ഹോമിയോപ്പതി വകുപ്പ് മേധാവിയുടെ 13/11/2024, 21/07/2025 എന്നീ തീയതികളിലെ DHTVM/1210/2024-EA5 - നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

ആലപ്പുഴ ജില്ലയിലെ പള്ളിപ്പുറം സർക്കാർ ഹോമിയോ ഡിസ്പെൻസറിയിലെ ഹാർമസിസ്റ്റ് ആയിരുന്ന (നിലവിൽ കോടംതുരുത്ത് സർക്കാർ ഹോമിയോ ഡിസ്പെൻസറി) ശ്രീമതി ഫിസ നസ്രീന് 26/07/2021 മുതൽ 30/04/2024 വരെ പരാമർശം-(1) പ്രകാരം അനുവദിച്ച ശൂന്യവേതനാവധിക്ക് പുറമെ ഇന്റേൺഷിപ്പ് കാലയളവ് പൂർത്തിയാക്കുന്നതിനായി 06/05/2024 മുതൽ 31/07/2024 വരെ 87 ദിവസത്തെ ശൂന്യവേതനാവധി കൂടി അനുവദിക്കണമെന്നാവശ്യപ്പെട്ട് പരാമർശം-(2) പ്രകാരം ടിയാൾ സമർപ്പിച്ച അവധി അപേക്ഷ പരാമർശം-(3) പ്രകാരം ഹോമിയോപ്പതി വകുപ്പ് മേധാവി ആവശ്യമായ നടപടികൾക്കായി സർക്കാരിൽ ലഭ്യമാക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പള്ളിപ്പുറം സർക്കാർ ഹോമിയോ ഡിസ്പെൻസറിയിലെ ഹാർമസിസ്റ്റ് ആയിരുന്ന (നിലവിൽ കോടംതുരുത്ത് സർക്കാർ ഹോമിയോ ഡിസ്പെൻസറി) ശ്രീമതി ഫിസ നസ്രീൻ-ന് ബി.എച്ച്.എം.എസ്. പഠനാവശ്യത്തിനായി പരാമർശം-(1) പ്രകാരം അനുവദിച്ച ശൂന്യവേതനാവധിയ്ക്ക് പുറമേ, ടി കോഴ്സിന്റെ ഭാഗമായി ഇന്റേൺഷിപ്പ് പൂർത്തിയാക്കുന്നതിനായി കെ.എസ്.ആർ., ഭാഗം-I, അനുബന്ധം XII B പ്രകാരമുള്ള അവധി മുഴുവൻ കോഴ്സ് കാലയളവും ഉൾപ്പെടുന്ന വിധത്തിലായിരിക്കണം

അനുവദിക്കേണ്ടത് എന്ന വ്യവസ്ഥയിൽ ഇളവ് വരുത്തിയും, കെ.എസ്.ആർ., ഭാഗം-I, അനുബന്ധം XII B യിലെ മറ്റ് വ്യവസ്ഥകൾക്ക് വിധേയമായും 06/05/2024 മുതൽ 31/07/2024 വരെ ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**SEEMA S**

ജോയിന്റ് സെക്രട്ടറി

1. ഹോമിയോപ്പതി വകുപ്പ് മേധാവി, തിരുവനന്തപുരം.
2. ശ്രീമതി ഫിസ നസ്രീൻ, ഫാർമസിസ്റ്റ്, സർക്കാർ ഹോമിയോ ഡിസ്പെൻസറി, പള്ളിപ്പുറം. (ഹോമിയോപ്പതി വകുപ്പ് മേധാവിയുടെ കാര്യാലയം മുഖേന)
3. ജില്ലാ മെഡിക്കൽ ഓഫീസർ (ഹോമിയോ), ആലപ്പുഴ.
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
5. വിവര പൊതുജന സമ്പർക്ക് (വെബ് & ന്യൂമീഡിയ) വകുപ്പ്.
6. ധനകാര്യ ഹെൽത്ത് (ബി) വകുപ്പ് (02/12/2025-ലെ E 2049572/ HLT-B3/173/2022-FIN നമ്പർ കുറിപ്പ് പ്രകാരം)
7. കരുതൽ ശേഖരം/ഓഫീസ് പകർപ്പ്. (AYU-C2/19/2022-AYUSH)

ഉത്തരവിൻ പ്രകാരം,

Signed by
Pradeep R S
Date: 31-12-2025 13:22:12

സെക്ഷൻ ഓഫീസർ.